പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 01.10.10

നം.എൻ.എം(3)/38948/10/ഡി.പി.ഐ.

## സർക്കുലർ

വിഷയം : പൊ.വി. - ഉ.ഭ.പ. - സ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള പാൽ വിതരണം - സംബന്ധിച്ച്.

സൂചന : 1) സ.ഉ.(സാധ)നം.174/10/പൊ.വി. തീ:03.09.10
2) സ.ഉ.(സാധ)നം.194/10/പൊ.വി. തീ:03.09.10

* * * * *

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ 8-ാം ക്ളാസ്സ്വരെയുള്ള ഉച്ചഭക്ഷണപദ്ധതിയിൽപ്പെട്ട എല്ലാ കുട്ടികൾക്കും ആഴ്ചയിൽ രണ്ടു ദിവസം പാൽ നൽകുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി എല്ലാ വിദ്യാഭ്യാ.സ ഉപ ഡയറക്ടർമാരും തങ്ങളുടെ പരിധിയിലുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നും ഓരോ മാസവും ആവശ്യമായ പാലിന്റെ അളവ് എത്രയാണ് വേണ്ടതെന്ന് രേഖാമൂലം എഴുതിവാങ്ങി മേലൊപ്പുവച്ച് മിൽമയുടെ ജില്ലാ മാനേജർമാർക്ക് നൽകേണ്ടതും മാസാവസാനം യഥാർത്ഥത്തിൽ പാൽ കുടിച്ച കുട്ടികളുടെ എണ്ണം എത്രയാണെന്നുള്ള വിവരം എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാ മാനേജർമാർക്ക് നൽകേണ്ടതും ഒരു പകർപ്പ് ഈ ഓഫീസിലേയ്ക്ക് അയച്ചുതരുന്നതോടൊപ്പം ഇ-മെയിൽ ചെയ്യേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉപഡയറക്ടർമാർക്കെതിരെ കർശന നടപടിക്ക് ശുപാർശ ചെയ്യുന്നതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അനന്തര നടപടികൾക്കായി

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേയ്ക്കും
അനന്തര നടപടികൾക്കുമായി